"ഭരണഭാഷ-മാതൃഭാഷ-"

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം

ഉത്തരവ് നം.: D1-36275/16. തീയതി: 6.11.2017.

വിഷയം: സാമൂഹ്യനീതി വകുപ്പ്- ശിശുദിനാഘോഷം 2017- സമുചിതമായി ആഘോഷിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും, തുക അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 2017-18 സാമ്പത്തിക വർഷത്തെ Plan write-up

ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമയ നവംബർ 14 ദേശീയ തലത്തിൽ ശിശുദിനമായി ആഘോഷിച്ചുവരുന്നു. കുട്ടികളുടെ അവകാശവും സംരക്ഷണവും ഉറപ്പുക്കുന്നതിനായി പ്രവർത്തിക്കുന്ന സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ മുൻവർഷങ്ങളിൽ എന്നപോലെ ഇക്കൊല്ലവും ശിശുദിനം സമുചിതമായി ആഘോഷിക്കുവാനും സംസ്ഥാനതല ദിനാഘോഷം കൊല്ലം ജില്ലയിൽ വച്ച് നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. ശിശുദിനാഘോഷ പരിപാടികൾ ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പ്രോജക്ട് / ജില്ലാ/ സംസ്ഥാന തലങ്ങളിൽ വിപുലമായി സംഘടിപ്പിക്കേണ്ടതാണ്.

പ്രോജക്ട്തലത്തിൽ നടക്കുന്ന ശിശുദിനാഘോഷത്തിൽ പ്രോജക്ടിന്റെ കീഴിലുള്ള അംഗൻവാടികളിൽ നിന്നുള്ള കുട്ടികളെ ഉൾപ്പെടുത്തി കലാപരിപാടികൾ സംഘടിപ്പിക്കേണ്ടതും, കുട്ടികൾക്ക് മധുരപലഹാരങ്ങൾ വിതരണം ചെയ്യേണ്ടതുമാണ്.

ജില്ലാ / സംസ്ഥാനതലങ്ങളിൽ സംഘടിപ്പിക്കുന്ന ദിനാഘോഷ പരിപാടികൾ ആസൂത്രണം ചെയ്ത് നടത്തുന്നതിനായി ജില്ലാ ഓഫീസറുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ജില്ലാ / സംസ്ഥാനതല ആഘോഷ പരിപാടികളിൽ ജില്ലയിലെ ഓരോ ICDSനേയും പ്രതിനിധീകരിച്ച് ഒന്നോ രണ്ടോ കുട്ടികളെയും, 18 വയസ്സിന് താഴെ പ്രായമുള്ള വിദ്യാർത്ഥികളേയും ജില്ലയിലെ ബാലനീതി നിയമപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലേയും, ക്ഷേമസ്ഥാപനങ്ങളിലേയും 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളേയും ഉൾപ്പെടുത്തേണ്ടതാണ്. 14 വയസ്സുവരെയുള്ളവരെ ജൂനിയർ വിഭാഗത്തിലും, 14 വയസ്സു മുതലുള്ളവരെ സീനിയർ വിഭാഗത്തിലും ഉൾപ്പെടുത്തി ജൂനിയർ സീനിയർ തലത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. ചുവടെ പറയുന്ന മത്സര ഇനങ്ങളായിരിക്കണം മത്സരത്തിൽ ഉൾപ്പെടുത്തേണ്ടത്.

1. ഗാനാലാപനം.
2. ചിത്രരചന
3. പ്രസംഗമത്സരം.
4. ഉപന്യാസ മത്സരം.

മത്സരങ്ങളുടെ വിധി നിർണ്ണയത്തിനായി സി.ഡി.പി.ഒ/ സൂപ്പർവൈസർമാരുടെ സേവനം ഉപയോഗിക്കണം. ഡ്യോക്യുമെന്റേഷൻ ആവശ്യമായ റിപ്പോർട്ട്, ഫോട്ടോ എന്നിവ, ജില്ലാ ഓഫീസർമാർ സംസ്ഥാന തലത്തിൽ ഡ്യോക്യുമെന്റേഷനായി കൊല്ലം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അയച്ചുകൊടുക്കേണ്ടതും, കൊല്ലം ജില്ലാ സാമൂഹ്യനീതി ഓഫീസർ ഇവ ശേഖരിച്ച് സംസ്ഥാനതലത്തിൽ ഡോക്യുമെന്റേഷൻ തയ്യാറാക്കി

ആയതിന്റെ ഒരു പകർപ്പ് ധനവിനിയോ സർട്ടിഫിക്കറ്റ്, ചെലവ് വിവരണ പട്ടിക എന്നിവയോടൊപ്പം ഒരു മാസത്തിനകം ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഡേ്യാക്യുമെന്റേഷൻ ഒരു പകർപ്പും തുക ചെലവഴിച്ചതിന്റെ രേഖകളും ഓഫീസിൽ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.

ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ശിശുദിനം നടത്തി ഒരു മാസത്തിനകം ധനവിനിയോഗ സർട്ടിഫിക്കറ്റും, സ്റ്റേറ്റ്മെന്റും ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതാണ്.

ജില്ലാതലത്തിലുള്ള ശിശുദിനാഘോഷത്തിന് (കൊല്ലം ജില്ല ഒഴികെ) 13 ജില്ലാ ഓഫീസർമാർക്ക് 10,000/- രൂപ വീതം ആകെ 1,30,000/- രൂപ (ഒരു ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) അനുവദിക്കുന്നു.

സംസ്ഥാനതല പരിപാടി ആഘോഷിക്കുന്നതിനായി 60,000/- രൂപ (അറുപതിനായിരം രൂപ മാത്രം), കൊല്ലം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അനുവദിക്കുന്നു.

ജില്ലാ ഓഫീസർമാർ ആകെ അനുവദിച്ച തുകയുടെ 80% മാത്രമെ മുൻകൂറായി പിൻവലിക്കാൻ പാടുള്ളു. പ്രോഗ്രാം നടത്തി 15 ദിവസത്തിനകം അന്തിമ ബിൽ ട്രഷറിയിൽ സമർപ്പിച്ച് മുൻകൂർ തുക ക്രമീകരിക്കേണ്ടതാണ്. വിശദമായ ബഡ്ജറ്റ് അനുബന്ധമായി ചേർക്കുന്നു.

ഇതിലേക്ക് ആവശ്യമായ തുക നടപ്പു സാമ്പത്തിക വർഷം 2235-02-001-93(പി) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

എല്ലാ സി.ഡി.പി.ഒമാർക്കും.
ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.

പകർപ്പ്:

1. സൂപ്രണ്ട്, എ-സെക്ഷൻ.
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
3. എല്ലാ RAD മാർക്കും.
4. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ (ബ്ലോക്ക്തല പ്രോഗ്രാം നടത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സി.ഡി.പി.ഒമാർക്ക് നൽകേണ്ടതാണ്.
5. ഡയറക്ടറുടെ സി.എ
6. സ്റ്റോക്ക് ഫയൽ/ സ്പെയർ.

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്

*db@15*

# അനുബന്ധം

| ജില്ലാതലം | | |
|---|---|---|
| 1 | ഹാൾ വാടക | 1000 രൂപ |
| 2 | ഭക്ഷണം | 4000 രൂപ |
| 3 | സമ്മാനം | 2800 രൂപ (ജൂനിയർ വിഭാഗത്തിൽ നാല് പേർക്കും, സീനിയർ വിഭാഗത്തിൽ നാല് പേർക്കും ഒന്നാം സമ്മാം 200 രൂപ വീതം 8 പേർക്ക് 1600 രൂപയും രണ്ടാം സമ്മാനം 150 രൂപ വീതം 8 പേർക്ക് 1200 രൂപയും ചേർത്ത് ആകെ 2800 രൂപ) |
| 4 | മൈക്ക് | 1000 രൂപ |
| 5 | സ്റ്റേറ്റഷനറി, കണ്ടിജൻസി, നോട്ട്, ഡോക്യുമെന്റേഷൻ | 1200 രൂപ |
| | **ആകെ** | **10000/- രൂപ (പതിനായിരം രൂപ മാത്രം)** |
| **II. സംസ്ഥാനതലം** | | |
| 1 | ഹാൾ വാടക | 5000 രൂപ |
| 2 | ഭക്ഷണം (250 പേർക്ക് 125 നിരക്കിൽ) | 31250 രൂപ |
| 3 | സമ്മാനം | 10000 രൂപ (ജൂനിയർ വിഭാഗത്തിൽ നാല് പേർക്കും, സീനിയർ വിഭാഗത്തിൽ നാല് പേർക്കും ഒന്നാം സമ്മാനം 750 രൂപ വീതം 6000 രൂപയും രണ്ടാം സമ്മാനം 500 രൂപ വീതം രണ്ട് വിഭാഗങ്ങളിലുമായി 4000 രൂപയും ചേർത്ത് ആകെ 10,000/- രൂപ) |
| 4 | മൈക്ക് | 2000/- രൂപ |
| 5 | സ്റ്റേഷനറി, കണ്ടിജൻസി, ഡ്യോക്യുമെന്റേഷൻ നോട്ടീസ് | 11750/- രൂപ |
| | **ആകെ** | **60,000/- രൂപ (അറുപതിനായിരം രൂപ മാത്രം)** |

**സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി**

*db@15*